പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നം. 5576

18/11/2019 ൽ മറുപടി
നല്കേണ്ടത്.

# മൈക്രോബയോളജി വിഭാഗത്തിന് നാക് അക്രഡിറ്റേഷൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ ) ആരോഗ്യവകുപ്പിന് കീഴിലുള്ള മൈക്രോബയോളജി വിഭാഗത്തിന് ഭക്ഷ്യസുരക്ഷാ വിഭാഗത്തിനുകീഴിലുള്ള ഗവൺമെന്റ് റീജിയണൽ അനലിറ്റിക്കൽ ലാബുകളിൽ നാക് അക്രഡിറ്റേഷൻ ലഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; കെമിക്കൽ സെക്ഷനും ഇൻസ്ട്രുമെന്റേഷൻ സെക്ഷനും അക്രഡിറ്റേഷൻ ലഭിച്ചിട്ടും ഈ വിഭാഗത്തിനുമാത്രം ഇതു ലഭിക്കാത്തത് എന്തിന്റെ പോരായ്മ കൊണ്ടാണ്; വ്യക്തമാക്കുമോ; | എ) | അനലിറ്റിക്കൽ ലാബുകൾക്ക് നൽകുന്നത് NABL Accreditation ആണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ഭക്ഷ്യസുരക്ഷാവകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലാബുകൾക്ക് NABL അംഗീകാരം ലഭ്യമായിട്ടുള്ളത്. മൈക്രോബയോളജി വിഭാഗത്തിന് NABL അക്രഡിറ്റേഷൻ ലഭിക്കുന്നതുമായി ബന്ധപ്പെട്ട വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലാബിൽ മൈക്രോബയോളജി പരിശോധന നടത്തുന്നതിനുള്ള ഉപകരണങ്ങളും യോഗ്യരായ ജീവനക്കാരും ഇപ്പോൾ നിലവിലുണ്ടെങ്കിലും NABL അനുശാസിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റിയ്ക്ക് ഭക്ഷ്യസുരക്ഷാ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇത് കൂടാതെ 2020-21 ലെ ബഡ്ജറ്റിൽ (പ്ലാൻ ശീർഷകത്തിൽ) കൂടുതൽ തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരികയാണ്.<br><br>എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ മൈക്രോബയോളജി പരിശോധന നടത്തുന്നതിന് NABL മാനദണ്ഡപ്രകാരമുള്ള അടിസ്ഥാന സ്ഥല സൗകര്യങ്ങൾക്കായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 2019 ആഗസ്റ്റിൽ പൂർത്തിയാക്കിയിട്ടുണ്ട്. |

മൈക്രോബയോളജിസ്റ്റിന്റെ അധിക തസ്തിക സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിശോധന യിലാണ്.

കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ NABL മാനദണ്ഡപ്രകാരമുള്ള കെട്ടിടവും മൈക്രോബയോളജിസ്റ്റുകളും നിലവിലില്ല. NABL Accreditation ലഭിക്കുന്നതിനുള്ള അടിസ്ഥാന സ്ഥല സൗകര്യങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനായി ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ ആദ്യഗഡുവായി 50 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്. ഇതുപയോഗിച്ചുള്ള നിർമ്മാണപ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

NABL മാനദണ്ഡപ്രകാരമുള്ള ഭൗതിക സാഹചര്യങ്ങളും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് NABL Accreditation ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

| | |
|---|---|
| ബി) ഭക്ഷ്യ വിഷബാധ ഉണ്ടാകുന്നതിൽ കൂടുതലും അണുബാധ മൂലമാണെന്നിരിക്കെ മൈക്രോ ബയോളജി വിഭാഗത്തിന് വേണ്ട പഠനങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങളോ സംവിധാനങ്ങളോ സംസ്ഥാന സർക്കാരിന് കീഴിലുള്ള ലാബുകളിൽ ലഭ്യമാണോ; വിശദമാക്കുമോ? | ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിൽ നിലവിലുള്ള ജീവനക്കാരുടെ സേവനവും ഭൗതിക സാഹചര്യങ്ങളും പ്രയോജനപ്പെടുത്തി മൈക്രോബയോളജി പരിശോധനകൾ നടത്തുന്നുണ്ട്. NABL Accreditation ലഭിക്കുന്ന മുറയ്ക്ക് പഠനങ്ങൾ നടത്തുവാനുള്ള സംവിധാനം ലഭ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ